# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

20.03.2012 ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1151

## കെ.എം.എം.എൽ. വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ.എളമരം കരീം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ഡോ. ടി. എം. തോമസ് ഐസക് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). കേരള മിനറൽസ് ആന്റ് മെറ്റൽസിലെ (കെ.എം.എം.എൽ) നവീകരണപദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | എ) ഉണ്ട്<br>വി.ഇ. 10/09/എസ്.ആർ.റ്റി. നമ്പരായി അന്വേഷണം നടന്നു വരുന്നു. |
| ബി) പദ്ധതിയിലെ വിവിധ ഘടകങ്ങളുടെ നിർമ്മാണച്ചുമതല മെക്കോൺ എന്ന കമ്പനിവഴി കടലാസ് കമ്പനികൾക്ക് നൽകിയതിലുൾപ്പെടെ അഴിമതിയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പദ്ധതി പിന്നീട് ഗവൺമെന്റ് നിർത്തിവെച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ എപ്പോൾ ; | ബി) പദ്ധതിയിലെ നവീകരണ, വിപുലീകരണ പദ്ധതികൾ 25.1.2008ലെ ജി.ഒ.(എം.എസ്) നം.15/08/ഐ.ഡി., 3.8.2010ലെ ജി.ഒ.(എം.എസ്.) നം. 168/10/ഐ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഉപേക്ഷിച്ചു. |
| സി രാജ്യത്തിനു പുറത്തുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ നവീകരണവുമായി ബന്ധം ഉണ്ടായിരുന്നുവോ; വിശദമാക്കാമോ ; | സി) രാജ്യത്തിനു പുറത്തുള്ള താഴെ പറയുന്ന മൂന്ന് കമ്പനികൾക്ക് നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓർഡറുകൾ നൽകിയിട്ടുണ്ട്. |

1. Konsortium Process Minerale PTY Ltd. Singapore;
2. Outokumpu Technology, Germany.
3. Mintech International Inc, USA.

ഡി) വിദേശകമ്പനികളുടെ സാന്നിദ്ധ്യമുള്ള സാഹചര്യത്തിൽ ഇടപാട് സംബന്ധിച്ച് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

ഡി) ഉണ്ട്.
2001-06 കാലഘട്ടത്തിൽ കേരള മിനറൽസ് ആന്റ് മെറ്റൽസിലെ വികസന പ്രവർത്തനങ്ങളിലെ കരാറുമായി ബന്ധപ്പെട്ടു ആരോപിക്കപ്പെട്ട അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് ലോകായുക്ത നിർദ്ദേശമനുസരിച്ച് ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി. എന്നാൽ പിന്നീട് സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും, വിജിലൻസ് അന്വേഷണം നിർത്തിവയ്ക്കാൻ അനുമതി നൽകണമെന്ന വിജിലൻസ് വകുപ്പിന്റെ ആവശ്യം അംഗീകരിച്ച് ലോകായുക്ത ഉത്തരവ് നൽകുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണത്തിന് തുടർനടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ

കേന്ദ്ര സർക്കാർ ഈ വിഷയം അന്വേഷിക്കുന്നതിനായി സി.ബി.ഐ.-ക്ക് കൈമാറുകയുണ്ടായില്ല. 2.5.2006-ൽ ബഹുമാനപ്പെട്ട കേരള ലോകയുക്ത ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. വികസന പദ്ധതികളിൽ അന്താരാഷ്ട്ര ഇടപെടലുകൾ ഉള്ളതായി കാണാത്ത സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ സി.ബി.ഐ. അന്വേഷണം അനുവദിക്കാതിരുന്നത്. തുടർന്ന് ഈ വിഷയം സംബന്ധിച്ച് 2.11.2009-ൽ 10211/ബി1/2009/വിജി നമ്പർ കത്ത് പ്രകാരം ഒരു വിജിലൻസ് അന്വേഷണം നടത്തുവാനും സമയബന്ധിതമായി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ